രജിസ്റ്റേർഡ് വിത്ത് എ.ഡി

വിവരാവകാശം - മറുപടി

നം : **B.2/12022/17**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 10.03.2017

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം.

ശ്രീ.കുഞ്ഞികൃഷ്ണൻ,
റിട്ട.ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ,
ഹരിസങ്കി തൊണ്ടൻന്നൂർ, പരിയാരം പോസ്റ്റ്,
കണ്ണൂർ ജില്ല പിൻ - 670 502

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - വിവരാവകാശനിയമം - അപേക്ഷ - മറുപടി നൽകുന്നത് - സംബന്ധിച്ച്

സൂചന :- താങ്കളുടെ 9.2.17ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ.

വിവരാവകാശ നിയമപ്രകാരം താങ്കൾ ആവശ്യപ്പെട്ടിരിക്കുന്ന സർക്കാരിലേയ്ക്ക് അയച്ച അന്തിമ റിപ്പോർട്ടിന്റെ പകർപ്പും നോട്ട് ഫയലിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

13/3

സുൽഫിക്കർ എസ്.
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

Aj.

"ഭരണഭാഷ - മാതൃഭാഷ"

നം: ബി2/24587/14

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 03.03.2017.
Email: swdkerala@gmail.com
Phone: 0471 - 2306040.

സാമൂഹ്യ നീതി ഡയറക്ടർ,
തിരുവനന്തപുരം.

ഗവൺമെന്റ് സെക്രട്ടറി,
സാമൂഹ്യ നീതി വകുപ്പ്.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - ശ്രീ. കുഞ്ഞികൃഷ്ണൻ - ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ (Rtd) - മുൻകൂർ അനുമതി വാങ്ങാതെ LTC യാത്ര നടത്തിയത് - തുടർ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്:

സൂചന :-
1) സർക്കാരിൽ നിന്നുള്ള 30.08.2014-ലെ 13250/A1/2014/SJD നമ്പർ കത്ത്.
2) 2.01.2013-ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(P) 5/13/Fin.
3) കാസർഗോഡ് ജില്ലാ സാമൂഹ്യനീതി ആഫീസറുടെ 16.10.2014 DSJO/KSD/A 2688/14 നമ്പർ കത്ത്.
4) ശ്രീ. കുഞ്ഞികൃഷ്ണന്റെ 17.08.2016-ലെ LTC അപേക്ഷ.

കാസർഗോഡ് ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കവേ സർവ്വീസിൽ നിന്നും 31.12.2013-ന് വിരമിച്ച ശ്രീ. കുഞ്ഞികൃഷ്ണൻ LTC യാത്ര ചെയ്യുന്നതിന് മുൻപായി കാര്യാലയ മേധാവിയ്ക്ക് നിശ്ചിത മാതൃകയിൽ ഉള്ള അപേക്ഷ ഡിക്ലറേഷൻ, മേലധികാരിയുടെ സർട്ടിഫിക്കറ്റ്, നൽകേണ്ട Appendix II-ലെ Part B, മേലധികാരി പൂരിപ്പിച്ചു നൽകേണ്ട Part B, സർവ്വീസ് ബുക്കിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്നുള്ള മേലധികാരിയുടെ സാക്ഷ്യപത്രം തുടങ്ങിയ യാതൊരു വിധ രേഖകളും സമർപ്പിച്ചിരുന്നില്ല. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിലാണ് കാസർഗോഡ് ജില്ലാ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും 8.10.2013-ലെ എ/2075/13 നം. ഉത്തരവ് പ്രകാരം LTC അനുവദിച്ച് മുൻകൂർ ഉത്തരവ് നൽകിയതായി ബന്ധപ്പെട്ട രേഖകളിൽ കാണുന്നു.

AN

തുടർന്ന് ഈ വിഷയത്തിൽ കാസർഗോഡ് ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നിന്നും റിപ്പോർട്ട് ആരായുകയുണ്ടായി. സൂചന (3) പ്രകാരം കാസർഗോഡ് ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നിന്നും നൽകിയ മറുപടിയിൽ LTC യാത്ര ചെയ്യുന്നതിന് അനുമതിയ്ക്ക് അപേക്ഷിക്കുകയോ ആയത് ആഫീസിൽ നിന്നും നൽകുകയോ ചെയ്തിട്ടില്ലയെന്നും കൂടാതെ ഹാജർ പുസ്തകത്തിൽ 28.03.2013 മുതൽ 2.09.2013 വരെയുള്ള കാലയളവിൽ ടിയാൾ ആകസ്മിക അവധിയിലാണെന്നും അറിയിക്കുകയുണ്ടായി. കൂടാതെ LTC യാത്ര നടത്തിയതിന് ശേഷമാണ് LTC ലീവായി ക്രമീകരിക്കുന്നതിന് അപേക്ഷ നൽകിയതും തുടർന്ന് ടിയാൻ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തിട്ടുണ്ട്.

ടിയാളുടെ LTC യാത്ര നടത്തിയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സൂചന (4) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. LTC അനുവദിക്കുന്നതിനായി നിശ്ചിത പ്രൊഫോർമയിൽ ഉള്ള LTC അപേക്ഷ, LTC യാത്ര ചെയ്യുന്നതിന് ലീവ് അനുവദിച്ച ഉത്തരവിന്റെ കോപ്പി, e-ticket-ന്റെ ഒറിജിനൽ കോപ്പി എന്നിവ ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തരാൻ ശ്രീ. കുഞ്ഞികൃഷ്ണനോട് നിർദ്ദേശിച്ചിരുന്നു. ഇതിന് മറുപടിയായി അനുമതിയ്ക്ക് അയച്ചുതന്ന അപേക്ഷയിൽ LTC ലീവ് അനുവദിച്ച ഉത്തരവിന്റെ കോപ്പി നാളിതുവരെ അപേക്ഷകൻ ഹാജരാക്കിയിട്ടില്ല. സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. കുഞ്ഞികൃഷ്ണൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻ മേൽ എന്ത് നടപടി സ്വീകരിക്കണമെന്ന് മേൽ നിർദ്ദേശത്തിനായി അപേക്ഷിച്ചുകൊള്ളുന്നു. LTC അപേക്ഷയും അനുബന്ധ രേഖകളും മേൽ നടപടികൾക്കായി സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

**പ്രീത S. നായർ**
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്.**

AN